**പതിനാലാം കേരള നിയമസഭ**

**<u>രണ്ടാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2609** **17.10.2016 ൽ മറുപടിയ്ക്ക്**

**<u>ഇ-ഫയൽ ട്രാക്കിംഗ് സംവിധാനം</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
| (എ) | സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ഇ-ഫയൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഫയൽ ട്രാക്കിംഗ് സംവിധാനം ലഭ്യമാണോയെന്നും വ്യക്തമാക്കുമോ; | | ഉണ്ട്. ഇ-ഓഫീസിലൂടെ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളും ട്രാക്ക് ചെയ്യുവാൻ കഴിയും. മാത്രമല്ല, ഫിസിക്കലായി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചലനവും ഇ-ഓഫീസിൽ രേഖപ്പെടുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. |
| (ബി) | നിയമസഭാംഗങ്ങൾക്ക് അവരുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഫയലുകൾ ട്രാക്ക് ചെയ്യുന്നതിന് ഇ-ഓഫീസ് ഐ.ഡി. ലഭ്യമാക്കുമോ? | | നിയമസഭാംഗങ്ങൾക്ക് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഇ-ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിവരങ്ങൾ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് മുഖേന ഐ.ഡിയോ, പാസ് വേഡോ ഇല്ലാതെ തന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും. (http:\\eoffice.kerala.gov.in). ഇതിന് ഇ-ഓഫീസ് ഐ.ഡി യുടെ ആവശ്യം ഇല്ല. |

സെക്ഷൻ ഓഫീസർ